ഉത്തരം

(എ) 1940-ലെ ജന്തുദ്രോഹ നിരോധന നിയമപ്രകാരവും 1978-ലെ ട്രാൻസ്പോർട്ടേഷൻ ഓഫ് അനിമൽസ് റൂൾസ് (അമന്റ്മെന്റ് റൂൾസ്), അമന്റ്മെന്റ് റൂൾസ് ടു പി.സി.എ. ആക്ട് 1960, 2001-ലെ അമന്റ്മെന്റ് റൂൾസ് എന്നിവ പ്രകാരവും ജന്തുക്കളെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് നടത്തിയോ വാഹനങ്ങളിലോ കൊണ്ടു പോകുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. അഞ്ച് കിലോമീറ്ററിലധികം നടത്തിക്കൊണ്ടുപോകേണ്ട സാഹചര്യത്തിലും ഈ നിയമങ്ങൾ ബാധകമാണ്. ഇതിനു പുറമേ ഇങ്ങനെ ജന്തുക്കളെ യാത്രചെയ്യിക്കുമ്പോൾ അവയ്ക്ക് വേണ്ടത്ര ആരോഗ്യം ഉണ്ടെന്നും സാംക്രമിക രോഗങ്ങൾ ഇല്ലായെന്നും അത്തരം രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവെപ്പ് നടത്തിയിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്ന രജിസ്റ്റേർഡ് വെറ്ററിനറി ഡോക്ടർ നിർദ്ദിഷ്ട ഫാറത്തിൽ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. പ്രസ്തുത നിയമങ്ങൾ പാലിക്കാത്തവർക്കെതിരെ ബന്ധപ്പെട്ട അധികൃതർ കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ഉണ്ട്.

(സി) ഐ.പി.സി. 429-ാം വകുപ്പ് പ്രകാരം ക്രൈം നമ്പർ 322/03യു/എസ്. 429/പി.സി. 11 (4) (1) (കെ.) പ്രിവൻഷൻ ഓഫ് ക്രുവൽറ്റി റ്റു അനിമൽസ് ആക്റ്റ് 1960 ആന്റ് അമെന്റ്മെന്റ് ആക്ട് 1987 പ്രകാരം ഹോസ്ദുർഗ്ഗ് പോലീസ് കേസ് എടുത്ത് അന്വേഷണം നടത്തി നടപടി സ്വീകരിച്ചു.

കയർ വ്യവസായ മേഖലയിൽ കൂടുതൽ സാമ്പത്തിക സഹായം

80 [4818] ശ്രീ. പി. കെ. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയുടെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഗണിച്ച് ഈ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനായി കയർ വ്യാവസായ മേഖലയിൽ കൂടുതൽ സാമ്പത്തിക സഹായം നൽകുമോ;

(ബി) കയറിന്റെ ആഭ്യന്തര വിപണിയും അന്താരാഷ്ട്ര മാർക്കറ്റും കണക്കിലെടുത്ത് വൈവിധ്യമാർന്ന കയറുൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ കയർ സഹകരണ സംഘങ്ങളെ സഹായിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ കയർ വ്യവസായത്തിന്റെ സംരക്ഷണത്തിന് സർക്കാർ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ നടപ്പാക്കിയ കാര്യങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) കയർ മേഖലയിലെ കൂടുതൽ വ്യവസായങ്ങളും സഹകരണ സംഘങ്ങളും ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ്. ഇതിനു പുറമെ ഇവിടെ സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. കയർ മേഖലയിലെ പദ്ധതികളെല്ലാംതന്നെ ഈ പ്രദേശത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കയർ തൊഴിലാളികൾക്ക് യന്ത്രവൽകൃത റാട്ടിൽ പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതി കുടുംബശ്രീ, കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ വഴി നടപ്പാക്കി വരുന്നു. കമ്പ്യൂട്ടർ അധിഷ്ഠിത ഡിസൈനുകൾ ഉൽപ്പന്നങ്ങൾക്ക് നൽകുന്നതിനായി കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം 25 ലക്ഷം രൂപ ചെലവിൽ കേരള സംസ്ഥാന കയർ കോർപ്പറേഷനും 10 മാറ്റ്സ് മാറ്റിംഗ്സ് സംഘങ്ങൾക്കും ധനസഹായം നൽകി. കൂടാതെ നൂതന ഡിസൈനുകൾ ആവിഷ്കരിക്കുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, ഐ.ഐ.ടി. എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്ന പദ്ധതി ആവിഷ്കരിച്ചു വരുന്നു.

(സി) ചോദ്യം (ബി) യുടെ മറുപടിയിൽ പറഞ്ഞ കാര്യങ്ങൾക്കു പുറമെ സർക്കാർ കഴിഞ്ഞ രണ്ടു വർഷത്തിൽ നടപ്പാക്കിയ പ്രധാന കാര്യങ്ങൾ താഴെ പറയുന്നവയാണ്:

2001-02 സാമ്പത്തിക വർഷത്തിൽ റിബേറ്റ് കുടിശ്ശികയിനത്തിൽ സംഘങ്ങൾക്കു നൽകുവാനുള്ള 7 കോടി രൂപ വിതരണം ചെയ്തു. എം.ഡി.എ. ആയി 530 ലക്ഷം രൂപ വിതരണം ചെയ്തു. ഡിസ്ട്രസ് പർച്ചേസ് പദ്ധതിപ്രകാരം 8.39 കോടി രൂപ നീക്കി കയറും കയറുൽപ്പന്നങ്ങളും വാങ്ങി. കൂടാതെ ക്ഷേമനിധി മുഖേന 280 ലക്ഷം രൂപ വിവാഹം, വിദ്യാഭ്യാസം, മരണച്ചിലവ്, പ്രസവം എന്നിവയ്ക്കായി വിതരണം ചെയ്തു.

2002-03 വർഷത്തിൽ, എം.ഡി.എ. ആയി 311 ലക്ഷം രൂപയും, കയർ തൊഴിലാളി ക്ഷേമ പദ്ധതികൾക്കായി 445 ലക്ഷം രൂപയും വിനിയോഗിച്ചു. വനിതാ തൊഴിലാളികൾക്ക് യന്ത്ര വൽകൃത റാട്ടുകളിൽ പരിശീലനം നൽകുന്നതിനും റാട്ടുകൾ നൽകുന്നതിനും 99.5 ലക്ഷം രൂപ ചെലവഴിച്ചു. 122 കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി 100 ലക്ഷം രൂപ വിനിയോഗിച്ചു. പീഡിത കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് 20 ലക്ഷം രൂപയും, ഐ.സി.ഡി.പി.യൂണിറ്റുകളുടെ റിപ്പയറിനും മറ്റുമായി 72.58 ലക്ഷം രൂപയും ചെലവഴിച്ചു. കയർ ഭൂവസ്ത്ര വികസനത്തിനായി 26.9 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ 50 ലക്ഷം രൂപ ചെലവിൽ പൊതു സൗകര്യ സേവന കേന്ദ്രം ആരംഭിച്ചു.

കയർ മേഖലയിൽ ഗവേഷണ പദ്ധതികൾ നടത്തുന്നതിന് C-DOCT-ന് സഹായം അനുവദിച്ചു.

ദേശീയ തലത്തിലുള്ള ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടികൾ എടുത്തു വരുന്നു.

കയർ മേഖലയിൽ സമഗ്രമായ പഠനം നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ എന്ന സ്ഥാപനം മുഖേന പഠനം നടത്തി വരുന്നു.

ചകിരിയുടെ ദൗർലഭ്യം കണക്കിലെടുത്ത് തിരു-കൊച്ചി മേഖലയിൽ സ്വകാര്യ മേഖലയിൽ ഡീഫൈബറിംഗ് യൂണിറ്റ് തുടങ്ങുവാൻ അനുവാദം നൽകി.

കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് തൊഴിലാളി സഹകരണ സംഘങ്ങൾ ചെലവഴിക്കുന്ന തുക ഗ്രാന്റായി നൽകാൻ നടപടി

81 [4819] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly